പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.943

03.12.2014 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് പി.എൽ.സി ചേരുകയുണ്ടായോ; വിശദമാക്കുമോ; | (എ) മിനിമം വേതനം സംബന്ധിച്ച് നിലവിലെ കരാറിന്റെ കാലാവധി 31.12.2014-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ കരാർ ഉണ്ടാക്കി മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ 18.11.2014-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) തോട്ടം തൊഴിലാളികൾക്ക് ശമ്പള വർദ്ധനവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ | (ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലെ ചർച്ചകൾ പൂർത്തിയാകുന്ന മുറയ്ക്ക് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തോട്ടം തൊഴിലാളികളുടെ മിനിമം വേതനം, മിനിമം വേതന നിയമം അനുശാസിക്കുന്ന വിധം പുതുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) തോട്ടം തൊഴിലാളികൾക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾ ബന്ധപ്പെട്ട പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്. |

Sreeleda

സെക്ഷൻ ഓഫീസർ